## പ്രാർത്ഥനാ വിഷയങ്ങൾ

1. ധാരാളം തിന്മകൾ നമ്മുടെ കുടുംബങ്ങളിൽ വന്നിറങ്ങാതെയും, കുടുംബങ്ങൾ സുരക്ഷിതമായിരിക്കാനും, കുടുംബാംഗങ്ങളെ കർത്താവ് കാത്തു പരിപാലിക്കാനുമായി പ്രാർത്ഥിക്കുവിൻ.
2. കുടുംബങ്ങളെ ഛിന്നഭിന്നമാക്കാൻ പ്രവർത്തിക്കുന്ന സാത്താന്യ ശക്തികളെ ബന്ധിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. കുടുംബങ്ങൾ തകർക്കപ്പെടുന്നതിനാൽ തലമുറകൾ ബാധിക്കപ്പെട്ട്, അതുനിമിത്തം ദേശത്തിൽ ദുഷ്ടശക്തികൾ എഴുന്നേൽക്കാതിരിക്കുവാനും, കർത്താവ് നമ്മെ കാത്തുസൂക്ഷിക്കുവാനുമായി പ്രാർത്ഥിക്കുവിൻ.
4. കുടുംബങ്ങൾ ഛിദ്രിച്ചുപോകാനും, നശിച്ചുപോകാനും കാരണമായിരിക്കുന്ന ദുഷ്ട ദാസന്മാരുടെ തന്ത്രങ്ങൾ ഫലിക്കാതിരിക്കുവാനും, കർത്താവ് കുടുംബങ്ങളെ കാത്തുസൂക്ഷിക്കുവാനും, കുടുംബങ്ങളിൽ ഭിന്നത വരുത്തുന്ന ദുഷ്ടന്മാരെ കർത്താവ് തടസ്സപ്പെടുത്തുവാനായി പ്രാർത്ഥിക്കുവിൻ.

## തുടർന്ന് പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നുവോ?

ഇത്തരം പ്രവചനങ്ങൾക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? അങ്ങനെയെങ്കിൽ താഴെ കാണുന്ന നമ്പറുമായി ബന്ധപ്പെടുക. ഞങ്ങളുടെ ശുശ്രൂഷകർ നിങ്ങളുമായി ബന്ധപ്പെട്ട് തുടർന്ന് പ്രാർത്ഥിക്കുവാനുള്ള പ്രവചനദൂതുകൾ നിങ്ങൾക്ക് നൽകുന്നതാണ്.

**prophetic propagators mission**

FOR MALAYALAM
KERALA
8301979830

FOR OTHER LANGUAGES
BANGALORE
8095772333

Email : voiceofjesuskerala@gmail.com

0091/MAL/2019/0001



## ദൈവത്തിന്റെ അരുളപ്പാട് !

# കുടുംബങ്ങൾക്കായി...

### കുടുംബങ്ങളെക്കുറിച്ച് ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ



ഈ വർഷം കുടുംബങ്ങൾക്കുമേൽ വീഴാൻ പോകുന്ന ചില ദുർഘടങ്ങളെക്കുറിച്ചുള്ള കർത്താവിന്റെ മുന്നറിയിപ്പുകൾ മനസ്സിലാക്കികൊണ്ട്, നിങ്ങളുടെ കുടുംബത്തിന്റെ സംരക്ഷണത്തിനുവേണ്ടി പ്രാർത്ഥിക്കുവാനാണ് ഈ ലഘുലേഖ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ദൈവത്തിന്റെ പ്രവചന വാക്കുകൾ ശ്രദ്ധയോടെ മനസ്സിലാക്കി അതിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

**(02-01-2014-ൽ സഹോ. വിൻസെന്റ് സെൽവകുമാറിന് കർത്താവ് വെളിപ്പെടുത്തിയ പ്രവചന വാക്കുകൾ)**

## ദൈവത്തിന്റെ അരുളപ്പാട്

കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു: ‘ഇതാ, രാഷ്ട്രത്തിലെ കുടുംബങ്ങളെ തിന്മ അധികമായി പിൻതുടരും. ദുഷ്ടാത്മാക്കൾ, തങ്ങളുടെ കെട്ടഴിച്ചു വിടേണ്ടതിനും നിങ്ങളുടെ ദേശത്തിനു നേരെ ശക്തിയോടെ പ്രവർത്തിച്ച് കുടുംബങ്ങൾക്ക് നേരെ ദുരാലോചന നടത്തി. ദേശത്തിന്റെ സമൃദ്ധിയെ അസ്ഥിരപ്പെടുത്തുവാനും, ദുഷ്ടതയും വ്യഭിചാരവും നിറഞ്ഞ ഒരു തലമുറയെ വളർത്തി, അവർ തെരുവുകളിൽ അലഞ്ഞു മനുഷ്യ ശരീരത്തെ വേട്ടയാടുവാനും രക്തം ചിന്തുവാനും, മനുഷ്യരഹിതവും ദുരുദ്ദേശപരവുമായ ഒരു തലമുറയെ സൃഷ്ടിക്കുകയും, പണത്തിനുവേണ്ടി, ജനങ്ങളെ കൊല്ലുകയും വേശ്യസന്തതിയുടെ ഒരു തലമുറയെ കൊണ്ടുവരികയും, അതു ദേശത്തിൽ ദുഷ്ടതയെ വില പേശുകയും ചെയ്യും.’

ദൈവത്തെ മറന്നതും ദുഷ്ടതയെ ആശ്രയിച്ചതുമായ കുടുംബങ്ങളിന്മേലും, എന്റെ നാമം ഉച്ചരിച്ചതും എന്നാൽ എന്നെ മറന്നുകളഞ്ഞതും, അനീതിയുടെ പ്രവൃത്തികളാൽ തങ്ങളെ തന്നേ പുഷ്ടിപ്പെടുത്തിയ കുടുംബങ്ങളിന്മേൽ ഈ ദുഷ്ടാത്മാക്കൾ (സാത്താന്യ ശക്തികൾ) കുടുംബങ്ങൾക്ക് നേരെ ശക്തിയോടെ പ്രവർത്തിക്കും. ഇതു കാരണം അനേകം കുടുംബങ്ങളിൽ ഛിദ്രതകൾ ഉണ്ടാകും. അത്തരം കുടുംബങ്ങൾ ദേശത്ത് അധികം വർദ്ധിച്ച് പെരുകുകയും, ഈ ദുഷ്ടാത്മക്കൾ കുടുംബങ്ങളിൽ പ്രവർത്തിച്ച് അതിന്റെ നന്മയെ നശിപ്പിച്ച്, അധാർമിക ബന്ധങ്ങളും, അക്രമാസക്തമായ ലൈംഗിക ദുരുപയോഗങ്ങളും കുടുംബങ്ങൾക്കുള്ളിൽ നിന്നും എഴുന്നേൽപ്പിക്കും. ഇതുകാരണമായി, സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ കൊല്ലുന്നതും ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ കൊല്ലുന്നതും, വൻതോതിൽ വർദ്ധിച്ചു വരുന്നത് നിങ്ങൾ കേൾക്കും.

മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ കളങ്കപ്പെടുത്തുന്നതും പ്രായമായവർ കൊച്ചു കുഞ്ഞുങ്ങളെ മാനഭംഗപ്പെടുത്തുന്നതും വർദ്ധിക്കും. തങ്ങളെതന്നേ സ്വയം വ്യായാമ വിനോദ കേന്ദ്രങ്ങളിൽ അർപ്പിക്കുകയും, തീവ്രമായ മോഹവികാരങ്ങളാൽ കുടുംബങ്ങൾ ചിതറിപ്പോകുന്നത് വർധിക്കുകയും ചെയ്യുന്നത് നിങ്ങൾ കാണും. സ്വന്തം ഉത്തരവാദിത്തം സഭ മറന്നുപോയതുകൊണ്ടും, തങ്ങളെ തന്നേ ഉല്ലാസങ്ങൾക്കും, തെറ്റായ ഉപദേശങ്ങൾക്കും അത്യാഗ്രഹത്തിനും വിറ്റുകളഞ്ഞതുകൊണ്ടും ഈ ദുഷ്ടത അനേക കുടുംബങ്ങളിൽ നിലനിൽക്കുകയും അത്തരം നിരവധി കുടുംബങ്ങളിൽ അധികാരം ഉറപ്പിക്കുകയും ചെയ്യും.

ഈ കുടുംബങ്ങൾ വ്യാജ ഉപദേശകനെയും ബുദ്ധിയില്ലാത്ത ഇടയനെയും പിൻചെല്ലുന്നതുകൊണ്ടു അവരുടെ മതിലുകൾ (വേലികൾ) ദുർബലവും അവരുടെ വാതിലുകൾ തകർന്നതും ആയതിനാൽ ഈ ദുഷ്ടതകൾ വേഗത്തിൽ അവരെ അടിമകളാക്കുകയും ചെയ്യും. ദേശത്ത് മദ്ധ്യസ്ഥന്മാർ ഇല്ലാത്തതുകൊണ്ടും, ദേശത്തിന്മേൽ വീഴാൻ പോകുന്ന ദുഷ്ടതയിൽ നിന്ന് വഴുതിപ്പോകുവാൻ എന്റെ വചനത്താൽ, എന്റെ ജനത്തിനു ആലോചന നൽകുവാൻ ഒരുത്തൻപോലും ഇല്ലാത്തതുകൊണ്ടും അവ എന്റെ ജനത്തിന്മേലും തീവ്രമായി പ്രവർത്തിക്കും. മകനും, അപ്പനും, അമ്മയും, മകളും ഒരുമിച്ചു കൂടുകയും തങ്ങളുടെ ജഡീക രാഗമോഹങ്ങളെ തൃപ്തിപ്പെടുത്തേണ്ടതിനു അന്യോന്യം വേട്ടയാടിപ്പിടിക്കുകയും ചെയ്യും. സഹോദരിമാർ കൂട്ടുകൂടി തങ്ങളുടെ സഹോദരന്മാരെയും സഹോദരന്മാർ ഒരുമിച്ചു തങ്ങളുടെ സഹോദരിമാരെയും കളങ്കപ്പെടുത്തുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടും.

കൂടാതെ, മ്ലേച്ഛമായ ലൈംഗികതയിൽ ഏർപ്പെടുന്നവരും ആക്രോശിച്ചധിക്ഷേപിക്കുന്നവരും കുടുംബങ്ങളിൽ അധികമായി എഴുന്നേൽക്കും. തന്റെ മതിലുകൾ തകർന്നുപോകാതിരിക്കേണ്ടതിനു തന്റെ കുടുംബത്തെയും, തന്നെയും കാത്തുകൊള്ളേണ്ടതിനു എന്റെ സഹായം അന്വേഷിക്കുന്നവൻ ഭാഗ്യവാൻ. ഒരു തിന്മയും അവനെ തൊടുകയില്ല. അനീതിയുടെ കൂലിയാൽ തന്നെതാൻ കറപുരളാതെ കാത്തുകൊള്ളുകയും, നീതിയിൽ നിലനിൽക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ. തിന്മ അവന്റെ ഭവനത്തെ തൊടുകയില്ല. കള്ളനെ അനുഗമിക്കാതെയും, എന്റെ വാക്കുകൾ വൃഥാ പ്രസ്താവിക്കുന്ന ദുഷ്ട ഇടയന്മാരുടെ പിന്നാലെ പോകാതെയും ഇരിക്കുന്നവൻ ഭാഗ്യവാൻ. എന്റെ ആത്മാവിനെ ലോകോല്ലാസങ്ങൾക്കും എന്റെ വചനത്തെ ഉപജീവനത്തിനുംവേണ്ടി ചൂഷണം ചെയ്യാതെ തന്റെ ജീവിതത്തെ കാത്തുകൊള്ളുന്നവൻ ഭാഗ്യവാൻ. ഞാൻ അവന്റെ സഹായകനായി അവനോടുകൂടെയിരിക്കും.